പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1795 04.10.2011-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇൻഫർമേഷൻ കേരളമിഷന്റെ മേൽനോട്ടത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ പഞ്ചായത്തുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | 4 ഗ്രാമ പഞ്ചായത്തുകളൊഴികെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇന്റർനെറ്റ് സൗകര്യവും ബ്രോഡ്ബാന്റ് കണക്ഷനും സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | പഞ്ചായത്തുകളിലെ അസ്സെസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കൽ എത്ര നാളുകൾക്കകം പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; | (സി) | കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് വഴി പഞ്ചായത്തുകളുടെ അസ്സെസ്സ്മെന്റ് രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഡാറ്റാ എൻട്രി 2013 ൽ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | എത്ര പഞ്ചായത്തുകളിലെ അസ്സെസ്സ്മെന്റ് രജിസ്റ്ററുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു; | (ഡി) | വെള്ളനാട്, തളിക്കുളം, താനാളൂർ ഗ്രാമ പഞ്ചായത്തുകളിൽ അസ്സെസ്സ്മെന്റ് രജിസ്ട്രറുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. 58 ഗ്രാമ പഞ്ചായത്തുകളിൽ അസ്സെസ്സ്മെന്റ് രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി നടന്നു വരികയാണ്. 324 ഗ്രാമപഞ്ചായത്തുകൾ ഈ വർഷം ഡാറ്റാബെയ്സ് നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ പഞ്ചായത്തുകളുടെ നികുതി പിരിവ് ഊർജ്ജിതമാക്കുവാൻ കൂടുതൽ ബിൽ കളക്ടർമാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ